



എ.വൈ.ആർ

സൂറ-18

# അൽ കഹ്ഫ്

وَكَانَ لَهُۥ ثَمَرٌ فَقَالَ لِصَٰحِبِهِۦ وَهُوَ يُحَاوِرُهُۥٓ أَنَا۠ أَكْثَرُ
مِنكَ مَالًا وَأَعَزُّ نَفَرًا ﴿٣٤﴾

**34.** ആ തോട്ടക്കാരന്ന് വർധിച്ച വിളയുണ്ടായി. അതിൽ ഊറ്റം കൊണ്ട് അയാൾ തന്റെ ചങ്ങാതിയുമായി സംസാരിക്കവെ പ്രസ്താവിച്ചു: നിന്നെക്കാൾ സമ്പത്തു പെരുത്തവനും ബന്ധുബലത്താൽ പ്രതാപമേറിയവനുമാണ് ഞാൻ.

وَدَخَلَ جَنَّتَهُۥ وَهُوَ ظَالِمٌ لِّنَفْسِهِۦ قَالَ مَآ أَظُنُّ أَن تَبِيدَ
هَٰذِهِۦٓ أَبَدًا ﴿٣٥﴾

**35.** അവൻ തോട്ടത്തിൽ കടന്ന് തന്നോടു തന്നെ അക്രമിയായിക്കൊണ്ട് ഘോഷിച്ചു: ഈ സമ്പത്ത് ഒരു കാലത്തും നശിച്ചുപോകുമെന്ന് ഞാൻ കരുതുന്നില്ല.

وَمَآ أَظُنُّ ٱلسَّاعَةَ قَآئِمَةً وَلَئِن رُّدِدتُّ إِلَىٰ رَبِّى لَأَجِدَنَّ خَيْرًا مِّنْهَا مُنقَلَبًا
﴿٣٦﴾

**36.** മരണാനന്തരം ഉയിർത്തെഴുന്നേൽപ് ഉണ്ടാകുമെന്നും എനിക്കു തോന്നുന്നില്ല. അഥവാ ഞാൻ വിധാതാവിങ്കലേക്കു തിരിച്ചയക്കപ്പെട്ടാൽ തന്നെ അവിടെ ഇതിനേക്കാൾ ഭാസുരമായ പരിണതിയാണുണ്ടാവുകയെന്ന് എനിക്കുറപ്പുണ്ട്.

قَالَ لَهُۥ صَاحِبُهُۥ وَهُوَ يُحَاوِرُهُۥٓ أَكَفَرْتَ بِٱلَّذِى خَلَقَكَ مِن تُرَابٍ
ثُمَّ مِن نُّطْفَةٍ ثُمَّ سَوَّىٰكَ رَجُلًا ﴿٣٧﴾

**37.** ചങ്ങാതി അവനോടു സംവദിച്ചുകൊണ്ട് ചോദിച്ചു: നിന്നെ ആദ്യം മണ്ണിൽനിന്നും പിന്നെ ശുക്ല കണത്തിൽ നിന്നും സൃഷ്ടിച്ച് ഒത്ത മനുഷ്യനാക്കിയ ആ ശക്തിയെ നീ നിഷേധിച്ചുവെന്നോ?

لَّٰكِنَّا۠ هُوَ ٱللَّهُ رَبِّى وَلَآ أُشْرِكُ بِرَبِّىٓ أَحَدًا ﴿٣٨﴾

**38.** എന്നാൽ ആ സാക്ഷാൽ ദൈവമാകുന്നു എന്റെ രക്ഷകൻ. മറ്റു യാതൊന്നിനെയും ഞാനെന്റെ രക്ഷകനിൽ പങ്കുചേർക്കുന്നില്ല.

وَلَوْلَآ إِذْ دَخَلْتَ جَنَّتَكَ قُلْتَ مَا شَآءَ ٱللَّهُ لَا قُوَّةَ إِلَّا بِٱللَّهِ
إِن تَرَنِ أَنَا۠ أَقَلَّ مِنكَ مَالًا وَوَلَدًا ﴿٣٩﴾

**39.** നിന്റെ തോട്ടത്തിൽ പ്രവേശിച്ചപ്പോൾ നീ എന്തുകൊണ്ട് 'മാശാഅല്ലാഹ് ലാഖുവ്വത്തഇല്ലാബില്ലാഹ്' എന്നുരിയാടിയില്ല. നിന്നേക്കാൾ മുതലും മക്കളും കുറഞ്ഞവനായി നീ എന്നെ കാണുന്നുവെങ്കിൽ ഓർത്തുകൊള്ളുക:

فَعَسَىٰ رَبِّىٓ أَن يُؤْتِيَنِ خَيْرًا مِّن جَنَّتِكَ وَيُرْسِلَ عَلَيْهَا حُسْبَانًا مِّنَ ٱلسَّمَآءِ
فَتُصْبِحَ صَعِيدًا زَلَقًا ﴿٤٠﴾

**40.** നിന്റെ തോട്ടത്തേക്കാൾ വിശിഷ്ടമായത് എന്റെ രക്ഷിതാവ് എനിക്കു നൽകിക്കൂടെന്നില്ല. നിന്റെ തോട്ടത്തിനുനേരെ അവൻ മാനത്തുനിന്നൊരു വിപത്തയച്ചുകൂടെന്നുമില്ല. അങ്ങനെ അതു കേവലം ചതുപ്പുനിലമായി മാറിയേക്കാം.

أَوْ يُصْبِحَ مَآؤُهَا غَوْرًا فَلَن تَسْتَطِيعَ لَهُۥ طَلَبًا ﴿٤١﴾

**41.** അല്ലെങ്കിൽ അതിലെ വെള്ളം വറ്റിപ്പോകാം. പിന്നീടൊരിക്കലും നിനക്കതു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞില്ലെന്നുവരാം.

ഫലം (വർധിച്ച വിള) = ثَمَرٌ അവന്ന് (ആ തോട്ടക്കാരന്ന്) ഉണ്ടായി = وَكَانَ لَهُۥ
അയാൾ അവനോട് സംസാരിക്കവെ = وَهُوَ يُحَاوِرُهُۥٓ അവൻ തന്റെ ചങ്ങാതിയോട് പ്രസ്താവിച്ചു = فَقَالَ لِصَٰحِبِهِۦ
പ്രതാപമേറിയവനുമാണ് = وَأَعَزُّ സമ്പത്ത(്)ിനാൽ = مَالًا നിന്നെക്കാൾ = مِنكَ പെരുത്തവനാണ് = أَكْثَرُ ഞാൻ = أَنَا۠
അവൻ തന്റെ തോട്ടത്തിൽ കടന്നു = وَدَخَلَ جَنَّتَهُۥ ബന്ധുബലത്താൽ = نَفَرًا
തന്നോടു തന്നെ (സ്വന്തം ആത്മാവിനോട്) = لِّنَفْسِهِۦ അവൻ അക്രമിയായ അവസ്ഥയിൽ = وَهُوَ ظَالِمٌ
ഇത് (ഈ സമ്പത്ത്) = هَٰذِهِۦٓ നശിക്കുമെന്ന് = أَن تَبِيدَ ഞാൻ കരുതുന്നില്ല = مَآ أَظُنُّ അവൻ ഘോഷിച്ചു = قَالَ
ഞാൻ ഊഹിക്കുന്നില്ല (എനിക്കു തോന്നുന്നില്ല) = وَمَآ أَظُنُّ കാലാകാലം (ഒരു കാലത്തും) = أَبَدًا
നിലനിൽക്കുന്നതാണെന്ന് (ഉണ്ടാകുമെന്നും) = قَآئِمَةً ആ (മരണാനന്തരം ഉയിർത്തെഴുന്നേൽപ്പ്) സമയം = ٱلسَّاعَةَ
എന്റെ വിധാതാവിങ്കലേക്ക് = إِلَىٰ رَبِّى ഞാൻ തള്ളപ്പെട്ടാൽ (തിരിച്ചയക്കപ്പെട്ടാൽ തന്നെ) = وَلَئِن رُّدِدتُّ
ഞാൻ കാണുക തന്നെ ചെയ്യും (ഉണ്ടാവുകയെന്ന് എനിക്കുറപ്പുണ്ട്) = لَأَجِدَنَّ
പരിണതിയാൽ = مُنقَلَبًا ഇതിനേക്കാൾ നല്ലത് (ശോഭനമായ) = خَيْرًا مِّنْهَا
അവന്റെ ചങ്ങാതി അവനോട് പറഞ്ഞു (ചോദിച്ചു) = قَالَ لَهُۥ صَاحِبُهُۥ
നീ നിഷേധിച്ചുവോ(വെന്നോ) = أَكَفَرْتَ അയാൾ അവനോട് സംവദിക്കവെ(ച്ചുകൊണ്ട്) = وَهُوَ يُحَاوِرُهُۥٓ
പിന്നെ ശുക്ലത്തിൽനിന്നും = ثُمَّ مِن نُّطْفَةٍ (ആദ്യം) മണ്ണിൽ നിന്ന് = مِن تُرَابٍ നിന്നെ സൃഷ്ടിച്ചവനെ = بِٱلَّذِى خَلَقَكَ
അനന്തരം നിന്നെ മനുഷ്യനായി ശരിപ്പെടുത്തിയ (ഒത്ത മനുഷ്യനാക്കിയ ആ ശക്തിയെ) = ثُمَّ سَوَّىٰكَ رَجُلًا
എന്റെ രക്ഷകൻ = رَبِّى അവൻ അല്ലാഹു (ആ സാക്ഷാൽ ദൈവം) ആകുന്നു = هُوَ ٱللَّهُ പക്ഷേ (എന്നാൽ) = لَّٰكِنَّا۠
(മറ്റു) യാതൊന്നിനെയും = أَحَدًا എന്റെ രക്ഷകനിൽ = بِرَبِّىٓ ഞാൻ പങ്കുചേർക്കുന്നില്ല = وَلَآ أُشْرِكُ
നീ നിന്റെ തോട്ടത്തിൽ കടന്നപ്പോൾ എന്തുകൊണ്ടുരിയാടിയില്ല = وَلَوْلَآ إِذْ دَخَلْتَ جَنَّتَكَ قُلْتَ
അല്ലാഹുവിനെ കൊണ്ടല്ലാതെ = إِلَّا بِٱللَّهِ യാതൊരു ശക്തിയുമില്ല = لَا قُوَّةَ അല്ലാഹു ഇഛിച്ചത് (ഉണ്ടായി) = مَا شَآءَ ٱللَّهُ
നിന്നെക്കാൾ = مِنكَ ഞാൻ കുറഞ്ഞവനെന്ന് = أَنَا۠ أَقَلَّ നീ എന്നെ കാണുന്നുവെങ്കിൽ(ഓർത്തുകൊള്ളുക) = إِن تَرَنِ
മക്കളും(മക്കളാലും) = وَوَلَدًا സമ്പത്തും(സമ്പത്തിൽ) = مَالًا
എന്റെ രക്ഷിതാവ് എനിക്കു തന്നേക്കാം(നൽകിക്കൂടെന്നില്ല) = فَعَسَىٰ رَبِّىٓ أَن يُؤْتِيَنِ
നിന്റെ തോട്ടത്തേക്കാൾ വിശിഷ്ടമായത് = خَيْرًا مِّن جَنَّتِكَ
ഒരു വിപത്ത്, നാശം = حُسْبَانًا അതിന്മേൽ(നിന്റെ തോട്ടത്തിനുനേരെ) അവൻ അയച്ചുകൂടെന്നുമില്ല = وَيُرْسِلَ عَلَيْهَا
ഉപരിതലം(നിലം) = صَعِيدًا അങ്ങനെ അത് ആയേക്കാം (മാറിപ്പോയേക്കാം) = فَتُصْبِحَ മാനത്തുനിന്ന് = مِّنَ ٱلسَّمَآءِ
അല്ലെങ്കിൽ അതിന്റെ വെള്ളം വറ്റിപ്പോകാം = أَوْ يُصْبِحَ مَآؤُهَا غَوْرًا വഴുവഴുപ്പുള്ള (ചതുപ്പായ) = زَلَقًا
പിന്നെ ഒരിക്കലും നിനക്കു കഴിഞ്ഞില്ലെന്നുവരാം = فَلَن تَسْتَطِيعَ
അതിന്റെ തേടൽ (അതു തിരിച്ചുകൊണ്ടുവരാൻ) = لَهُۥ طَلَبًا

**34-36.** ആകെക്കൂടി പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളുമെല്ലാം ഒന്നിനൊന്നുമെച്ചമായി വിളഞ്ഞു കിടക്കുന്നതും അതിസുന്ദരവുമായിരുന്നു ആ തോട്ടം. ഈ അനുഗൃഹീതാവസ്ഥ ആ കർഷകന്റെ ഓരോ കോശത്തിലും അനുഗ്രഹദാതാവായ അല്ലാഹുവിനോടുള്ള നന്ദി വികാരം നിറക്കേണ്ടതായിരുന്നു. അയാളുടെ വിശ്വാസിയായ ചങ്ങാതി അയാളെ അക്കാര്യം ഓർമിപ്പിച്ചു. അല്ലാഹുവിനോട് നന്ദികേടും ധിക്കാരവും കാണിക്കുന്നതിന്റെ ഗുരുതരമായ അനന്തരഫലം ചൂണ്ടിക്കാണിച്ച് ഗുണദോഷിച്ചു. അങ്ങനെ അവർ തമ്മിൽ സംവാദമായി. സമ്പന്നൻ ചോദിച്ചു; പറയൂ, ഇപ്പോൾ തന്റെ സ്ഥിതിയാണോ മെച്ചം അതോ എന്റെ സ്ഥിതിയോ? തന്നെക്കാളേറെ സമ്പത്ത് എനിക്കാണുള്ളത്. ബന്ധുബലത്തിലും മുമ്പൻ ഞാൻ തന്നെ. نفر എന്ന മൂലപദത്തെയാണ് ബന്ധുബലം എന്ന് തർജമ ചെയ്തിട്ടുള്ളത്. ഒരാൾ ഒരു സംരംഭത്തിനിറങ്ങുമ്പോൾ അയാളോടൊപ്പം പുറപ്പെടുന്ന മക്കളും മറ്റു ബന്ധുമിത്രാദികളുമാണ് ഒരാളുടെ نفر. സമ്പത്തും ബന്ധുബലവും ഏറെയുള്ള എന്നെ, ദരിദ്രവാസിയും നിരാലംബനുമായ നീ ദൈവത്തിന്റെ പേരുപറഞ്ഞു പേടിപ്പിക്കാൻ നോക്കുകയാണോ? എന്റെ ഈ സൗഭാഗ്യാവസ്ഥ തന്നെ നിന്റേതിനേക്കാൾ ശരിയായ ജീവിത

വീക്ഷണവും നടപടിക്രമവും എന്റേതാണെന്നതിന്റെ അനിഷേധ്യ സാക്ഷ്യമാണെന്നു പറയുകയാണയാൾ. തന്റെ വർധിച്ച വരുമാനമാണ് അയാളെക്കൊണ്ട് ഇതുപറയിക്കുന്നതെന്ന് وكان له ثمرفقال -അയാൾക്ക് നല്ല വരുമാനമുണ്ടായി, അപ്പോൾ പറഞ്ഞു-എന്ന വാക്യത്തിൽനിന്നു മനസ്സിലാക്കാം.

തന്റെ സമ്പദ്സമൃദ്ധിയാൽ വഞ്ചിക്കപ്പെട്ട് അഹങ്കാരിയും ഗർവിഷ്ഠനുമായി തോട്ടത്തിൽ കടന്നതിനെയാണ് തന്നോടുതന്നെ അതിക്രമം ചെയ്യുന്നവനായി-وَهو ظالم لنفسه -എന്നു വിശേഷിപ്പിച്ചത്. ഭൗതികവും ആത്മീയവുമായ ഏതു നേട്ടത്തിലും മനുഷ്യൻ സന്തോഷിക്കും. താൻ സമ്പാദിച്ചതിന്റെ-അത് മികച്ച വിളയുള്ള കൃഷിയാകട്ടെ, വർധിച്ച ഉൽപാദനമുള്ള വ്യവസായമാകട്ടെ, ഏറെ ലാഭകരമായ കച്ചവടമാകട്ടെ, മറ്റെന്തെങ്കിലുമാകട്ടെ-മുന്നിലെത്തുമ്പോൾ അവന്റെ സന്തോഷം വർധിക്കുന്നു. ദൈവത്തിലും മതധർമങ്ങളിലും വിശ്വാസമില്ലാത്തവനെ ആ സന്തോഷം അഹന്തയിലേക്കും ആത്മപ്രശംസയിലേക്കും നയിക്കുന്നു. അങ്ങനെ ആ ദൈവാനുഗ്രഹങ്ങൾ അയാളെ കൂടുതൽ ഗർവിഷ്ഠനും ധിക്കാരിയുമാക്കുന്നു. ദൈവാനുഗ്രഹങ്ങൾ കാണുമ്പോൾ ദൈവത്തെ ഓർക്കാനും അവനോട് കൂടുതൽ നന്ദിയുള്ളവനാകാനുമാണ് വാസ്തവത്തിൽ അവന്റെ മനഃസാക്ഷി ആവശ്യപ്പെടുന്നത്. മനഃസാക്ഷിയുടെ ആ ശബ്ദം കേൾക്കാൻ കൂട്ടാക്കാതെ പൈശാചിക പ്രചോദനം സ്വീകരിച്ച് നന്ദികെട്ടവനും അഹങ്കാരിയുമാവുകയും അതുവഴി ഈ അനുഗ്രഹങ്ങളെല്ലാം പരലോകത്തു ശിക്ഷാ നിമിത്തമാക്കി മാറ്റുകയും ചെയ്യുന്നത് തന്നോടുതന്നെ ചെയ്യുന്ന അക്രമമാകുന്നു.

തങ്ങളുടെ സമ്പത്തും സൗഭാഗ്യങ്ങളും ഒരു കാലത്തും നശിക്കാൻ പോകുന്നില്ല എന്നാണ് അത്തരക്കാർക്ക് തോന്നുക. തന്റെ ജീവിത കാലമത്രയും അതു മേൽക്കുമേൽ വളർന്നുകൊണ്ടേയിരിക്കും. ചിലപ്പോൾ സ്വന്തം മരണത്തെപ്പോലും മറന്നുപോകുന്നു. മരണാനന്തരം ഒരുയിർത്തെഴുന്നേൽപ്പുണ്ടെന്നു വിശ്വസിക്കുന്നുമില്ല. ഉണ്ടെങ്കിൽ തന്നെ ഇഹലോകത്തെക്കാൾ മെച്ചപ്പെട്ട ജീവിതമായിരിക്കും അവിടെ ലഭിക്കുക എന്നു വീമ്പിളക്കുന്നു. പരിണതി എന്ന് തർജമ ചെയ്തിരിക്കുന്നത് انقلاب (മാറ്റം)ന്റെ സ്ഥലനാമം (اسم مكان) ആയ مُنْقَلَب നെയാണ്.

**37-41.** സമ്പന്നനായ ചങ്ങാതിയുടെ വാദം ഖണ്ഡിക്കുന്നതിലൂടെ സത്യവിശ്വാസി തന്റെ ജീവിത വീക്ഷണവും അത് ജീവിതത്തിന് നൽകുന്ന പ്രത്യാശയും ശുഭപ്രതീക്ഷയും വെളിപ്പെടുത്തുകയാണ്. നിങ്ങൾ ഉയിർത്തെഴുന്നേൽപ്പിൽ വിശ്വസിക്കുന്നില്ലെങ്കിൽ അത് തികഞ്ഞ സത്യനിഷേധമാണ്. സർവശക്തനായ ദൈവത്തിന് മരിച്ചുപോയ മനുഷ്യരെ ഉയിർത്തെഴുന്നേൽപ്പിക്കാനാവില്ലെന്നാണോ കരുതുന്നത്? സ്വന്തം അസ്തിത്വത്തെ കുറിച്ചൊന്നാലോചിച്ചു നോക്കൂ. വെറും മണ്ണിൽ നിന്നാണ് അവൻ ആദി പിതാവിനെ സൃഷ്ടിച്ചത്. പിന്നെ അദ്ദേഹത്തിന്റെ ബീജത്തിൽനിന്ന് വംശപരമ്പര ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഒത്ത മനുഷ്യനായി എഴുന്നേറ്റു നിൽക്കുന്ന നിങ്ങളും സൃഷ്ടിക്കപ്പെട്ടത് അതേ ബീജത്തിൽ നിന്നാണ്. മനുഷ്യരെ ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ദൈവത്തിന്ന്, ഉണ്ടായ മനുഷ്യനെ വീണ്ടും ഉണ്ടാക്കാൻ കഴിവില്ലെന്നു കരുതാൻ എന്തു ന്യായമാണുള്ളത്. ദൈവത്തിന്റെ ശക്തിയെയും ജ്ഞാനത്തെയും നിഷേധിക്കുന്നത് സ്പഷ്ടമായും അവന്റെ അസ്തിത്വത്തെ തന്നെ നിഷേധിക്കലാകുന്നു.

لاَكن- انا എന്നീ പദങ്ങൾ കൂട്ടിച്ചേർത്തതാണ് لٰكِنَّا. 'അന'യിലെ ഹംസ് (همزة) നിരുക്തമാക്കുകയും لكن ലെ نون നെ انا യിലെ നൂനിൽ ലയിപ്പിക്കുകുയം (ادغام) ചെയ്തപ്പോഴാണ് لٰكِنَّا എന്നായത്. വിശ്വാസി പറയുന്നതിതാണ്: പക്ഷേ നിങ്ങളുടെ അവിശ്വാസത്തിൽ ഞാൻ പങ്കുചേരുന്നില്ല. ഈ പ്രപഞ്ചം സൃഷ്ടിച്ചുപരിപാലിച്ചുകൊണ്ടിരിക്കുന്ന സർവശക്തനും സർവജ്ഞനും ഏകനുമായ ഒരു ശക്തിയുണ്ടെന്നും മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പടക്കം എന്തിനും കഴിവുള്ളവനാണവനെന്നും വിശ്വസിക്കുന്നവനാണ് ഞാൻ. ആ അല്ലാഹു-സാക്ഷാൽ ദൈവം-ആണ് എന്റെ വിധാതാവ്. നിങ്ങൾ ധനികനായതും ഞാൻ ദരിദ്രനായതും അവന്റെ ഇഛാനുസാരമാണ്. നിങ്ങളെ സമ്പന്നനാക്കിയതിലോ എന്നെ ദരിദ്രനാക്കിയതിലോ ആത്യന്തികമായി അവനല്ലാത്ത ആർക്കും ഒരു പങ്കുമില്ല. അവനെ വിധാതാവായി വിശ്വസിക്കുക എന്നാൽ ദൈവം ഉണ്ടെന്നു വിശ്വസിക്കൽ മാത്രമല്ല. അവൻ മാത്രമാണ് പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനും യജമാനനുമെന്നും അവന്റെ മാത്രം ഇഛാനുസാരമാണ് പ്രപഞ്ചം നിലനിൽക്കുന്നതെന്നും, മനുഷ്യൻ ജീവിക്കേണ്ടതും അവന്റെ ഇഷ്ടത്തിനൊത്താണെന്നും അംഗീകരിക്കൽ കൂടിയാകുന്നു. സ്വന്തം സമ്പത്തിലും സ്ഥാനമാനങ്ങളിലും വഞ്ചിതരാകുന്നവർ അതെല്ലാം സ്വന്തം മഹത്വത്തിന്റെയും കഴിവിന്റെയും പ്രവർത്തവൈഭവത്തിന്റെയും ഫലങ്ങളാണെന്നു ധരിച്ചുവശാവുന്നു. ക്രമേണ ആ ധാരണ അവരുടെ മസ്തിഷ്ക്കത്തിലുറക്കുന്നു. തന്റെ നേട്ടങ്ങളൊന്നും തന്നിൽനിന്ന് തട്ടിത്തെറിപ്പിക്കാൻ പോന്ന ഒരു ശക്തിയുമില്ലെന്നു വിചാരിക്കുന്നു. ഇങ്ങനെ തന്റെ രക്ഷ, തന്റെ കഴിവുകളിലും സമ്പാദ്യങ്ങളിലും മാത്രമാണെന്ന വിചാരം അവയെ അല്ലാഹുവിൽ പങ്കുചേർക്കൽ-ശിർക്ക്-ആകുന്നു. അതു ചെയ്യുന്നവർ നാസ്തികരാണെങ്കിൽ അവർ അല്ലാഹുവിന്റെ സ്ഥാനത്ത് സ്വന്തം കഴിവിനെയും സമ്പത്തിനെയും പ്രതിഷ്ഠിക്കുകയാണ്. അല്ലാഹുവിന്റെ സ്ഥാനത്ത് മറ്റുള്ളതിനെ പ്രതിഷ്ഠിക്കുന്നതും ശിർക്കാകുന്നു. ഈ ശിർക്ക് താൻ ചെയ്യുന്നില്ലെന്നാണ് വിശ്വാസിയായ ചങ്ങാതി وَلَآ أُشْرِكُ بِرَبِّيٓ أَحَدًا എന്ന വാക്കിലൂടെ അയാളോടു പറയുന്നത്. സൃഷ്ടിക്ക് ലഭിക്കുന്ന ഏതു സൗഭാഗ്യവും അല്ലാഹുവിന്റെ ഔദാര്യമായി കാണുകയാണ് തൗഹീദിന്റെ-ഏകദൈവവിശ്വാസത്തിന്റെ-താൽപര്യം. ആ ഔദാര്യത്തിന്റെ പേരിൽ അവന്ന് ദൈവത്തോട് അദമ്യമായ നന്ദിയുമുണ്ടാവും. ഏതു നിമിഷത്തിലും ദൈവം അവന്റെ ഔദാര്യം പിൻവലിക്കാവുന്നതാണ്. തനിക്കു ലഭിച്ച ഔദാര്യം താൻ എങ്ങനെ കൈകാര്യം ചെയ്തുവെന്ന് നാളെ അല്ലാഹുവിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്ന ബോധവും അവനുണ്ടായി

രിക്കും.

എന്റെ ചങ്ങാതീ, ഈ രീതിയിലുള്ള ദൈവവിശ്വാസവും നന്ദി വികാരവും ഉത്തരവാദിത്തബോധവും നിങ്ങൾക്കില്ലാതെപോയി. അതുകൊണ്ടാണ് നിങ്ങൾ തോട്ടത്തിൽ കടന്നപ്പോൾ അഹങ്കാരപൂർവം ഈ സൗഭാഗ്യങ്ങളെല്ലാം സ്വന്തം കഴിവുകൊണ്ട് നേടിയതാണെന്നും അതൊന്നും ഒരിക്കലും നഷ്ടപ്പെടാൻ പോകുന്നില്ലെന്നും ഊറ്റം കൊണ്ടത്. വാസ്തവത്തിൽ അപ്പോൾ നിങ്ങൾ ചെയ്യേണ്ടിയിരുന്നത് ഇതെല്ലാം അല്ലാഹുവിന്റെ ഔദാര്യമാണ്, അവനല്ലാതെ വല്ലതും നിർമിക്കാനോ നശിപ്പിക്കാനോ കഴിവുള്ള യാതൊരു ശക്തിയുമില്ല' എന്ന് ഏറ്റുപറയുകയായിരുന്നു. مَا شَآءَ ٱللَّهُ لَا قُوَّةَ إِلَّا بِٱللَّهِ എന്നാണ്, മൂലവാക്യം. 'അല്ലാഹു ഉദ്ദേശിച്ചത്, അല്ലാഹുവിനെക്കൊണ്ടല്ലാതെ ശക്തിയേതുമില്ല' എന്നാണതിന്റെ പദാനുപദ തർജമ. هذه الجنّة ما شاء اللّه اعطائها اياي لا قوّة لي على انشائها – ഈ തോട്ടം അല്ലാഹു എനിക്കു നൽകാനുദ്ദേശിച്ചതാകുന്നു. അതുണ്ടാക്കാനുള്ള ശക്തി എനിക്കില്ല എന്നാണ് താൽപര്യം.

مَا شَآءَ ٱللَّهُ لَا قُوَّةَ إِلَّا بِٱللَّهِ ശ്രേഷ്ഠമായ ഒരു സ്തുതി കീർത്തനമാണ്. വിശ്വാസി, അനുഗ്രഹങ്ങൾ ലഭിക്കുമ്പോഴും ലഭിച്ച അനുഗ്രഹങ്ങൾ അനുഭവിക്കുമ്പോഴും കാണുമ്പോഴുമൊക്കെ ഈ കീർത്തനം ഉരുവിടുന്നത് സുന്നത്താണ്. ഈ സൂക്തത്തിൽ لَا قُوَّةَ إِلَّا بِٱللَّهِ എന്നേ ഉള്ളൂവെങ്കിലും لَاحَوْلَ وَلَا قُوَّةَ إِلَّا بِاللَّه എന്നാണ് പ്രചുരമായ രൂപം. قوّة ന്റെ അർഥം തന്നെയാണ് حول ന്നും ഉള്ളത്. പുണ്യം ചെയ്യാൻ അല്ലാഹുവിങ്കൽ നിന്നു ലഭിക്കുന്നതല്ലാത്ത ഒരു ശക്തിയും ഞങ്ങൾക്കില്ല, പാപം വർജിക്കാനും അല്ലാഹുവിങ്കൽനിന്നു ലഭിക്കുന്നതല്ലാത്ത ഒരു ശക്തിയും ഞങ്ങൾക്കില്ല എന്നാണതിന്റെ അർഥമെന്ന് ഇബ്നു അബ്ബാസ് വിശദീകരിച്ചതായി ഇബ്നു അബീ ഹാതിം ഉദ്ധരിച്ചിരിക്കുന്നു. ഈ കീർത്തനത്തിന്റെ മഹത്വത്തെ കുറിച്ച് നബി(സ) പറഞ്ഞതായി ഇബ്നു മർദവൈഹി നിവേദനം ചെയ്യുന്നു.

من انعم اللّه على نعمة فأراد بقائها فليكثر من لا حول و لا قوّة الا باللّه "അല്ലാഹുവിങ്കൽ നിന്ന് അനുഗ്രഹം സിദ്ധിച്ചവൻ അതു നിലനിൽക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ അവൻ ലാഹൗല വലാഖുവ്വത ഇല്ലാബില്ലാഹ് എന്ന ദിക്റ് വർധിപ്പിച്ചുകൊള്ളട്ടെ."

ആ സത്യവിശ്വാസി ജീവിതത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് തുടരുകയാണ്. സുഹൃത്തേ, നിങ്ങൾ എന്നെ വളരെ ദരിദ്രനും നിസ്സഹായനുമായിക്കാണുന്നുവെങ്കിൽ ഒരു കാര്യം മനസ്സിലാക്കുക, സമ്പത്തും ബന്ധുബലവുമില്ലെങ്കിലും നിങ്ങൾ കരുതുന്നപോലെ നിരാശനോ നിരാലംബനോ അല്ല ഞാൻ. ദൈവത്തിലും സത്യ-ധർമങ്ങളിലുമുള്ള വിശ്വാസം എന്ന മഹത്തായ ഒരു സമ്പത്ത് എനിക്കുണ്ട്. പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ മുമ്പിൽ അവന്റെ കാരുണ്യത്തിന്റെ തണലിലാണ് ഞാനെന്ന രക്ഷാബോധവുമുണ്ടെനിക്ക്. അജയ്യവും ആത്യന്തികവുമായ ശക്തിയുടെ, പ്രപഞ്ച രക്ഷകന്റെ സംരക്ഷണത്തിലാണ് ഞാൻ. നിന്റേതിനേക്കാൾ വിശിഷ്ടമായ തോട്ടങ്ങൾ അവൻ എനിക്കു നൽകിയെന്നുവരാം. അങ്ങനെ നൽകണമെന്നുദ്ദേശിച്ചാൽ അതിൽ നിന്നവനെ തടയാൻ ആർക്കും സാധ്യമല്ല. ഈ വിശ്വാസം എനിക്ക് എന്തെന്നില്ലാത്ത മനഃശ്ശാന്തിയും സമാധാനവും നൽകുന്നുണ്ട്. അതേസമയം നിങ്ങൾക്ക് ആകെയുള്ള ശക്തി ഈയൊരു തോട്ടവും നിങ്ങളുടെ ബന്ധുമിത്രാദികളും മാത്രമാണ്. ഇതു രണ്ടും എപ്പോൾ വേണമെങ്കിലും ഇല്ലാതാവാം. മാനത്തുനിന്ന് ഒരിടിത്തീ അല്ലെങ്കിൽ ഒരു കൊടുങ്കാറ്റ് വരികയേ വേണ്ടൂ ഈ തോട്ടങ്ങളെല്ലാം ശൂന്യമായ ചതുപ്പുനിലങ്ങളാകാൻ. അല്ലെങ്കിൽ നിങ്ങളുടെ ഈ തോട്ടത്തിനു ജീവജലം പകരുന്ന നദി വറ്റിപ്പോയെന്നു വെക്കുക. നിങ്ങൾക്ക് അതിലൂടെ വെള്ളമൊഴുക്കാനും തോട്ടം നനക്കാനും കഴിയുമോ? അതിനൊന്നും നിങ്ങൾക്കാവില്ല. എങ്കിൽ പിന്നെ ഇതൊക്കെ നിങ്ങളുടെ സാമർഥ്യത്തിന്റെ ഫലമാണെന്നും അനശ്വരമായി നിലനിൽക്കുന്നതാണെന്നും പറയുന്നതെന്തടിസ്ഥാനത്തിലാണ്?

മൂലത്തിലെ حسبان നിന്ന് ഇടിവെട്ടുകൾ, വെട്ടുകിളി, ഒരേ വില്ലിൽനിന്ന് ഒന്നിച്ചു കുലക്കുന്ന അനേകം ചെറിയ അസ്ത്രങ്ങൾ എന്നീ അർഥങ്ങളുണ്ട്. ഈ അർഥങ്ങളെല്ലാം ഇവിടെ സാധുവാകുന്നു. കണക്കാക്കപ്പെട്ടത് مقدر എന്നും ചിലർ അർഥം കൽപ്പിച്ചിരിക്കുന്നു. അവരുടെ അഭിപ്രായത്തിൽ هلاكا حسبانا من اللّه -അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ട നാശം എന്നാണ് താൽപര്യം. സസ്യങ്ങൾ വളരാത്ത വഴുവഴുപ്പുള്ള സ്ഥലമാണ് زلق . നേരത്തെ 8-ാം സൂക്തത്തിൽ പറഞ്ഞ جرز ന്ന് സമാനമായാണ് ഇവിടെ-زلق എന്നു പറഞ്ഞിരിക്കുന്നത്. غار الماء എന്നാൽ വെള്ളം വറ്റി. غار യുടെ മൂലപദമായ غور . ഇവിടെ വെള്ളത്തിന്റെ വിശേഷണമായി പ്രയോഗിച്ചത് 'വറ്റുക' എന്ന അർഥത്തെ കൂടുതൽ മുഴപ്പിക്കുന്നതിനു വേണ്ടിയാണ്.

■